എറണാകുളം റൂറൽ ജില്ലാ പോലീസിന്റെ പുതിയ മേധാവിയായി ശ്രീ.വിവേക് കുമാർ ഐ.പി.എസ് ചുമതലയേറ്റു. ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കെ.കാർത്തിക്കിൽ നിന്നാണ് ചുമതലയേറ്റെടുത്തത് 2017 ബാച്ച് ഐ.പിഎസ് ഉദ്യോഗസ്ഥനാണ് വിവേക് കുമാർ . ആലപ്പുഴ, കൽപ്പറ്റ, കാസർഗോഡ് (സ്പെഷ്യൽ മൊബൈൽ സ്ക്വാഡ്) തുടങ്ങിയ ഇടങ്ങളിൽ എ.എസ്.പിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യ റിസർവ്വ് ബറ്റാലിയനിൽ കമണ്ടാൻറായിട്ടായിരുന്നു ആദ്യ എസ്.പി നിയമനം. തുടർന്ന് കെ.എ.പി നാലാം ബറ്റാലിയന്റെ കമണ്ടാൻറായിരിക്കെയാണ് എറണാകുളം റൂറൽ ജില്ലയുടെ മേധാവിയായി നിയമിക്കുന്നത്.